എഞ്ചിനീയറിംഗ് (ഗവൺമെന്റ് സീറ്റ്)	
ട്യൂഷൻ ഫീസ്	36,000 രൂപ (പ്രതിവർഷം)
അഡ്മിഷൻ ഫീസ്	150 രൂപ
സ്പെഷ്യൽ ഫീസ്	1,000 രൂപ (പ്രതിവർഷം)
കാഷൻ ഡെപ്പോസിറ്റ്	5,000 രൂപ
യൂണിവേഴ്സിറ്റി ഫീസ്	അതത് യൂണിവേഴ്സിറ്റികൾ നിശ്ചയിക്കുന്നത്

വാർഷിക കുടുംബ വരുമാനം 60,000 രൂപയിൽ കുറവായവർക്ക് സർക്കാർ സീറ്റുകളിൽ ട്യൂഷൻ ഫീസ് 18,000 രൂപയായി കുറച്ചിട്ടുണ്ട്. മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്നവർക്ക് പലിശ രഹിത വായ്പ തിരികെ നൽകുന്ന നിക്ഷേപമായി ഒരു ലക്ഷത്തിൽ കവിയാത്ത തുക വാങ്ങുവാൻ മാനേജുമെന്റുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജിലെ 2003-04 വാർഷിക ഫീസ് നിശ്ചയിച്ചിട്ടില്ല.

(ഡി) 2003-04-ലേക്ക് അഗീകാരം നൽകിയ കോളേജുകൾക്ക് കുട്ടികളുടെ പ്രവേശന വ്യവസ്ഥകളിൽ കരാർ ഉണ്ടാക്കിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. *

(ഇ) ഇക്കാര്യത്തിൽ എ.ഐ.സി.ടി. യുടെ നിബന്ധനകളും നിർദ്ദേശങ്ങളും പാലിക്കാൻ സ്വാശ്രയ കോളേജുകൾ ബാദ്ധ്യസ്ഥരാണ്.

സ്വാശ്രയ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിനായി എൻ.ഒ.സി-ക്ക് അപേക്ഷിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ

136 (2077) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മോഹൻ കുമാർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിനായി എൻ.ഒ.സി. യ്ക്ക് അപേക്ഷിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) പ്രസ്തുത വ്യവസ്ഥ എന്നുമുതൽക്കാണ് ബാധകമാകുന്നത് ;

(സി) ഇതുവരെ അനുവദിച്ച സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് പ്രസ്തുത വ്യവസ്ഥകൾ ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത്, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ, ബി.എഡ്. കോളേജുകൾ എന്നിവ ആരംഭിക്കുന്നതിനായി എല്ലാ വർഷവും എ.ഐ.സി.റ്റി.ഇ./ എൻ.സി.റ്റി.ഇ. അപേക്ഷ ക്ഷണിക്കാറുണ്ട്. ഈ വിജ്ഞാപനപ്രകാരം സമർപ്പിക്കുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷയുടെ ഒരു പകർപ്പാണ്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ക്രൂട്ടിനി ഫീ സഹിതം സർക്കാരിന്റെ എൻ.ഒ.സി. ക്കായി സമർപ്പിക്കേണ്ടത്. എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് അപേക്ഷിക്കുന്ന ട്രസ്റ്റ്/സൊസൈറ്റിയ്ക്ക് കോർപ്പറേഷൻ പരിധിയിലാണെങ്കിൽ 5 ഏക്കർ സ്ഥലവും മുനിസിപ്പാലിറ്റിയുടെ പരിധിയിലാണെങ്കിൽ 10 ഏക്കർ സ്ഥലവും പഞ്ചായത്തിന്റെ പരിധിയിലാണെങ്കിൽ 25 ഏക്കർ സ്ഥലവും ഉണ്ടായിരിക്കണം. ഇവ കൂടാതെ ഭദ്രമായ സാമ്പത്തിക സ്ഥിതിയും വിദ്യാഭ്യാസ മേഖലയിൽ മുൻപരിചയവും ഉണ്ടായിരിക്കണം. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകൾ അനുസരിച്ചാണ് മെഡിക്കൽ കോളേജും ദന്തൽ കോളേജും ആരംഭിക്കുവാൻ എൻ.ഒ.സി. ക്കായി അപേക്ഷിക്കേണ്ടത്. മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ 25 ഏക്കർ സ്ഥലവും 300 കിടക്കകളും ഉള്ള ആശുപത്രിയും, ദന്തൽ കോളേജ് ആരംഭിക്കുവാൻ 5 ഏക്കർ സ്ഥലവും 100 കിടക്കകളും ഉള്ള ആശുപത്രിയും അപേക്ഷകർക്ക് സ്വന്തമായി ഉണ്ടായിരിക്കേണ്ടതാണ്. സെൻട്രൽ കൗൺസിൽ ഫോർ ഇന്ത്യൻ മെഡിസിന്റേയും, ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള മറ്റ് സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളുടേയും നിബന്ധനകൾക്ക് വിധേയമായിട്ടാണ് ആയുർവേദ/സിദ്ധ കോളേജുകൾക്കുള്ള എൻ.ഒ.സി. ക്കായി അപേക്ഷിക്കേണ്ടത്. അപേക്ഷകൾക്ക് സ്വന്തമായി 5 ഏക്കർ സ്ഥലവും 1: 3 എന്ന അനുപാതത്തിൽ കുട്ടികളും കിടക്കകളും ഉള്ള ആശുപത്രിയും ഉണ്ടായിരിക്കേണ്ടതാണ്. നഴ്സിംഗ് കൗൺസിൽ രജിസ്ട്രാറുടെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് നഴ്സിംഗ് കോളേജിന് എൻ.ഒ.സി. ക്കായി അപേക്ഷ സമർപ്പിക്കേണ്ടത്. സ്വന്തമായി 4 ഏക്കർ സ്ഥലവും 300 കിടക്കകളുമുള്ള ആശുപത്രിയും അപേക്ഷകർക്ക് ഉണ്ടായിരിക്കേണ്ടതാണ്.

(ബി) 18-9-2001-ലെ 1438/2001/ ഉവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എഞ്ചിനീയറിംഗ് കോളേജുകൾക്കുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള സ്ക്രൂട്ടിനി കമ്മിറ്റി നിലവിൽ വന്നു.

(സി) ഇതുവരെ അനുവദിച്ച സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് പ്രസ്തുത വ്യവസ്ഥകൾ ബാധകമാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനം

137 (2078) ശ്രീ. എ. സുജനപാൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ കുറഞ്ഞ ഫീസോടുകൂടി പഠിക്കുന്നതിന് അർഹത ലഭിക്കുന്നതിനായി കുടുംബ വരുമാനം എത്രയായിരിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly